# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 644 — 10.07.2014 ൽ മറുപടിക്ക്

## 108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന 'സികിത്സ' യെ മാറ്റാനിടയായ സാഹചര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ. ടി. ജലീൽ<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>" വി. ചെന്താമരാക്ഷൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നേരത്തെ 108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന സികിത്സ ഹെൽത്ത് കെയർ-നെ മാറ്റാനിടയായ സാഹചര്യം അറിയിക്കാമോ; അവർക്കെതിരെ സംസ്ഥാനത്ത് ഉയർന്നുവന്നിരുന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; | (എ) സംസ്ഥാനത്ത് 2010 മേയ് 19 മുതൽ '108' ആംബുലൻസുകളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായിരുന്ന 'സികിത്സ' ഹെൽത്ത് കെയർ ലിമിറ്റഡ്. ടി ഏജൻസിയുടെ കരാർ കാലാവധി 15.10.2013 -ൽ അവസാനിച്ചതിനാൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ '108' ആംബുലൻസുകളുടെ സർവ്വീസ് നടത്തുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പുതിയ ഒരു ടെൻഡർ വിളിക്കുകയും, നിലവിലുണ്ടായിരുന്ന റേറ്റിനേക്കാൾ കുറഞ്ഞ പ്രൈസ് ബിഡ് റേറ്റ് ക്വാട്ട് ചെയ്യുകയും ചെയ്ത ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ ടെൻഡർ സർക്കാർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ഒക്ടോബർ 16 മുതൽ ജി.വി.കെ.എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ '108' ആംബുലൻസുകളുടെ പ്രവർത്തനം നടത്തി വരുന്നു. പ്രസ്തുത ടെണ്ടറിൽ 'സികിത്സ' ഹെൽത്ത് കെയർ ലിമിറ്റഡ് പങ്കെടുത്തിരുന്നില്ല. മുൻ ഓപ്പറേറ്റിംഗ് ഏജൻസിയായ സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ ശരിയായ രീതിയിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുക, വാഹനങ്ങൾ ഓടിക്കാതെ ബില്ലുകൾ സമർപ്പിക്കുക എന്നിവ തുടങ്ങി നിരവധി ആരോപണങ്ങൾ ഉയർന്നു വന്നിരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ കമ്പനിക്കെതിരെ കേരളത്തിൽ ഉയർന്നുവന്ന ആരോപണങ്ങൾക്ക് സമാനമായ ആരോപണങ്ങൾ ഉയർന്നുവന്നതിനെ തുടർന്നുള്ള പരിശോധനയിൽ രാജസ്ഥാൻ ഗവൺമെന്റ് കമ്പനിക്കെതിരെ കേസെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ മുൻ സാമ്പത്തിക ഉപദേഷ്ടാവുൾപ്പെടയുള്ള നിരവധി പ്രമുഖർ കേസ്സിൽ ഉൾപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നേരത്തെ ഉയർന്നുവന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ; | (സി) | നിലവിൽ സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | നിലവിലെ സേവനദാതാവ് ആരെന്നും, ആ സ്ഥാപനത്തിന്റെ ഉടമസ്ഥരുടെ പേരുവിവരവും നൽകാമോ; രാജസ്ഥാൻ സർക്കാർ കേസ്സെടുത്തിരിക്കുന്ന തട്ടിപ്പുകാർ തന്നെയാണ് കേരളത്തിലെ പുതിയ സേവനദാന സ്ഥാപനത്തിന്റെ പുറകിലുമെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ? | (ഡി) | നിലവിൽ സംസ്ഥാനത്ത് ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ '108' ആംബുലൻസുകളുടെ പ്രവർത്തനം നടത്തി വരുന്നത്. രാജസ്ഥാൻ സർക്കാർ കേസ്സെടുത്തിരിക്കുന്ന തട്ടിപ്പുകാർ തന്നെയാണ് കേരളത്തിലെ പുതിയ സേവനദാന സ്ഥാപനത്തിന്റെ പുറകിലുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ